പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3962 15.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയോര മേഖലയിലെ യാത്രാ ക്ലേശം പരിഹരിക്കാനായി ആരംഭിച്ച പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലി വഴി മുണ്ടക്കയത്തിനും പൊൻകുന്നത്തിനും കാഞ്ഞിരപ്പള്ളിക്കും ഉള്ള കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് ഇപ്പോഴും നിലവിലുണ്ടോ; | (എ) | പുനലൂർ, പത്തനംതിട്ട, പൊൻകുന്നം യൂണിറ്റുകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന പ്രസ്തുത ചെയിൻ സർവ്വീസുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ചെയിൻ സർവ്വീസ് ആരംഭിച്ചപ്പോൾ വിവിധ ഡിപ്പോകളിൽ നിന്നും അനുവദിച്ച ബസുകളുടെ എണ്ണവും ഷെഡ്യൂളുകളുടെ എണ്ണവും എത്രയെന്ന് പറയാമോ; നിലവിൽ ഇതേ റൂട്ടിൽ വിവിധ ഡിപ്പോകളിൽ നിന്നും എത്ര ബസുകൾ എത്ര ഷെഡ്യൂളുകളിൽ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | <u>പുനലൂർ</u><br>അനുവദിച്ച ഷെഡ്യൂളുകൾ - 7<br>അനുവദിച്ച ബസ്സുകൾ - 7<br>നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത് - 3<br><u>പത്തനംതിട്ട</u><br>അനുവദിച്ച ഷെഡ്യൂളുകൾ - 6<br>അനുവദിച്ച ബസ്സുകൾ - 6<br>നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത് - 6<br><u>പൊൻകുന്നം</u><br>അനുവദിച്ച ഷെഡ്യൂളുകൾ - 7<br>അനുവദിച്ച ബസ്സുകൾ - 7<br>നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത് - 5 |
| (സി) | കൃത്യമായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ബസുകളും ഷെഡ്യൂളുകളും വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (സി) | ബസ്സുകളുടെ കുറവ് മൂലമാണ് ഷെഡ്യൂളുകൾ താൽക്കാലികമായി വെട്ടിക്കുറക്കേണ്ടി വന്നിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇതേ റൂട്ടിലൂടെ ദീർഘദൂര സ്വകാര്യബസുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുതായി എത്ര സ്വകാര്യബസ് സർവ്വീസുകളാണ് ഇത്തരത്തിൽ അനുവദിച്ചിരിക്കുന്നത് എന്ന് പറയാമോ; | (ഡി) | കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലി വഴി മുണ്ടക്കയത്തിനും, പൊൻകുന്നം, കാഞ്ഞിരപ്പള്ളി പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന റൂട്ടിലൂടെ പുതിയതായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ നിലവിൽ ഓടുന്നതും 09.05.2006-ന് മുമ്പ് ഗ്രാന്റ് ചെയ്തതുമായ പെർമിറ്റുകൾ പുതുക്കി നൽകുന്നുണ്ട്. |
| (ഇ) | കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഇതേ റൂട്ടിൽ അനുവദിച്ച് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഇ) | പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ചെയിൻ സർവീസ് കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ